



**എസ്. ഹരികിഷോർ ഐ എ എസ്**
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

# ഞങ്ങളേകും 'സാന്ത്വനം'

ആരോഗ്യപരിപാലന രംഗത്ത് അനുകരണീയമായ ഒരു സംരംഭ മാതൃകയാണ് കുടുംബശ്രീയുടെ 'സാന്ത്വനം' പദ്ധതി. പൊതുജനങ്ങൾക്കിടയിൽ ജീവിതശൈലീരോഗങ്ങൾ വർദ്ധിക്കുന്നതും രക്തപരിശോധനയ്ക്കായി ക്ലിനിക്കുകളിലേക്ക് യാത്ര ചെയ്യേണ്ടി വരുന്നത് അനിവാര്യവുമായിത്തീർന്ന സാഹചര്യത്തിലാണ് സാധാരണക്കാർക്ക് തുണയാകുന്ന ഈ പദ്ധതി കുടുംബശ്രീ അവതരിപ്പിച്ചത്. വീടുകളിലെത്തി രക്ത പരിശോധന ഉൾപ്പെടെയുള്ള സേവനങ്ങൾ നൽകാനും ഇതുവഴി കേരള സമൂഹം നേരിടുന്ന ഒരു പ്രധാന പ്രശ്നത്തിനുള്ള പരിഹാരം സ്ത്രീകളുടെ ഉപജീവനത്തിനുള്ള അവസരമാക്കി മാറ്റാനുമാണ് സാന്ത്വനം എന്ന ഈ ബൃഹത് പദ്ധതി 2006ൽ കുടുംബശ്രീ വിഭാവനം ചെയ്തത്.

കുടുംബശ്രീയും ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന പ്രശസ്ത സംഘടനയായ ഹെൽത്ത് ആക്ഷൻ ബൈ പീപ്പിളും (HAP) ചേർന്നാണ് ഈ പദ്ധതിക്ക് തുടക്കമിട്ടത്. പത്താം തരം വിജയിച്ച, സംരംഭം തുടങ്ങാൻ താത്പര്യമുള്ള സ്ത്രീകൾക്ക് ഏഴ് ദിവസത്തെ മികച്ച പരിശീലനം നൽകുന്നു. ഉയരം, ശരീരഭാരം, ബോഡി മാസ് ഇൻഡക്സ്, രക്തസമ്മർദ്ദം, രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ്,

കൊളസ്ട്രോൾ എന്നിവ അളക്കാൻ പഠിപ്പിച്ച് ഉപകരണങ്ങളും നൽകുന്നു. രക്തക്കുഴലിലേക്ക് സൂചി കയറ്റിയല്ല, മറിച്ച് വിരൽത്തുമ്പിൽ നിന്ന് രക്തം എടുത്ത് പരിശോധിക്കുന്ന ഡിജിറ്റൽ ഉപകരണങ്ങളുടെ സഹായത്തോടെയാണ് സാന്ത്വനം വോളന്റിയമാർമാർ സേവനം നൽകുന്നത്.

എണ്ണത്തിൽ കുറവാണെങ്കിലും തങ്ങൾ പ്രവർത്തിക്കുന്ന പഞ്ചായത്തിൽ വളരെ കാര്യക്ഷതമയോടെയും കൃത്യനിഷ്ഠയോടെയും പ്രവർത്തിക്കുന്ന സാന്ത്വനം അംഗങ്ങൾക്ക് മികച്ച വരുമാനമാണ് ഇപ്പോൾ ലഭിക്കുന്നത്. ഓരോ സേവനത്തിനും ചെറിയ ഫീസ് വാങ്ങിയാണ് ഇവർ വരുമാനം കണ്ടെത്തുന്നത്. സേവനസ്വീകർത്താവിനെ സംബന്ധിച്ചിടത്തോളം ഇഷ്ടമുള്ളപ്പോൾ വീട്ടിൽത്തന്നെ സേവനം ലഭിക്കുമെന്നതിനാൽ യാത്രാക്കൂലി ഉൾപ്പെടെ വലിയ ചെലവ് കുറയ്ക്കാൻ സാധിക്കുന്നു. പ്രതിമാസം ശരാശരി 20000 രൂപ ഒരു സാന്ത്വനം വോളന്റിയർക്ക് വരുമാനമായി ലഭിക്കുന്നവെന്നത് കഴിഞ്ഞ 10 വർഷം കൊണ്ട് ഇവർ പ്രവർത്തനത്തിലൂടെ നേടിയെടുത്ത വിശ്വാസ്യതയുടെയും ഇവർക്ക് പ്രാദേശികതലത്തിലുള്ള സ്വീകാര്യതയുടെയും പ്രതിഫലനമാണ്.

ഇപ്പോൾ 356 സാന്ത്വനം വോളന്റിയർമാർ കേരളത്തിൽ പ്രവർത്തിക്കുന്നു. കേരളത്തിലെ ഓരോ തദ്ദേശസ്ഥാപനത്തിലും ഒരു വോളന്റിയറെങ്കിലും വേണമെന്ന ഞങ്ങളുടെ ലക്ഷ്യം യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുകയാണ്. 297 പേരാണ് കഴിഞ്ഞ 2 വർഷമായി പരിശീലനം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചത്. വോളന്റിയർമാരുടെ ലിസ്റ്റും പ്രവർത്തനമേഖലയും http://www.kudumbashree.org/pages/557 എന്ന ലിങ്കിൽ ലഭിക്കും. രക്തപരിശോധനയിലും സേവനം നൽകുന്നതിലും മികവ് തുടർന്നും പുലർത്താൻ സാന്ത്വനം ടീമിന് കഴിയട്ടെ എന്നാശംസിക്കുന്നു.



